പോലീസ് ഈ കൂട്ടമരണം ആത്മഹത്യകളാക്കി എഴുതിതള്ളി. എന്നാൽ പോസ്റ്റ് മോർട്ടം റിപ്പോർട്ട് വന്നപ്പോൾ 9 വയസ്സുള്ള പെൺകുട്ടി മൃഗീയമായി പീഡിപ്പിക്കപ്പെട്ടിട്ടുണ്ടെന്ന് കാണുന്നു. രണ്ടു മാസത്തെ അവധിക്കു വന്ന സുധീഷിനെ അവധി തീരുന്നതിനുമുമ്പ് വിദേശത്തുപോകാൻ അനുവദിച്ചു. അതുകൊണ്ട് ഈ സംഭവം സംബന്ധിച്ച് ഒരു പുനഃരന്വേഷണം നടത്തുകയും ക്രൈം ബ്രാഞ്ചിനെ അന്വേഷണം ഏൽപ്പിക്കുകയും ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, ആര്യനാട് കോട്ടയ്ക്കകം ഭാസ്കരവിലാസം വീട്ടിൽ മോളി എന്ന് വിളിക്കുന്ന പ്രതിഭ, അവരുടെ മക്കളായ 9 വയസ്സുള്ള സുബി, 3 വയസ്സുള്ള ലക്ഷ്മി എന്നിവർ കെട്ടിത്തൂങ്ങി മരിച്ച നിലയിൽ 2003 ഏപ്രിൽ 24-ന് കാണപ്പെട്ടു. ഇതിലേയ്ക്ക് ക്രൈം116/03 നമ്പരായി ആര്യനാട് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തു. പ്രേതപരിശോധനാ റിപ്പോർട്ട് തയ്യാറാക്കിയശേഷം പോസ്റ്റ് മോർട്ടം വന്നു. മരണകാരണം തൂങ്ങിമരണമാണെന്നും എന്നാൽ 9 വയസ്സുള്ള സുബി എന്ന കുട്ടി മരിക്കുന്നതിനു മുമ്പ് 24 മണിക്കൂറിനുള്ളിൽ ലൈംഗിക പീഡനത്തിന് ഇരയായിട്ടുണ്ടെന്നും പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പറയുന്നുണ്ട്. മരണപ്പെട്ട പ്രതിഭയുമായും കുട്ടികളുമായും അടുത്തു ബന്ധമുള്ളവരേയും വീട്ടിലെ പതിവു സന്ദർശകരേയും അന്വേഷിക്കുകയും അവരെ ചോദ്യം ചെയ്യുകയും ചെയ്തുവരുന്നു. കൂടാതെ ഭർത്തൃ വീട്ടുകാരുടെ പീഡനംമൂലമാണ് പ്രതിഭയും കുട്ടികളും ആത്മഹത്യ ചെയ്യാനിടയായതെന്ന് പ്രതിഭയുടെ ബന്ധുക്കൾ ആരോപിക്കുന്നുണ്ട്. ഈ ആരോപണം വിശദമായി അന്വേഷിച്ചുവരുന്നു.

(4) പത്തനാപുരം നിയോജകമണ്ഡലത്തിലെ സർക്കാർ സ്കൂളുകളിലെ അദ്ധ്യാപക നിയമനം

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, അച്ചൻകോവിൽ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ കഴിഞ്ഞ വ്യാഴാഴ്ച കൊല്ലം ഡി.ഡി.യുടെ ഉത്തരവു പ്രകാരം താൽക്കാലിക അദ്ധ്യാപകരെ മുഴുവൻ പിരിച്ചുവിട്ടുകൊണ്ട് സ്കൂൾപൂട്ടിയെന്ന പത്രവാർത്ത വരികയുണ്ടായി. ആ സ്കൂളിലെ തൂപ്പുകാരിയും ക്ളാർക്കുംകൂടെ ചേർന്ന് സ്കൂളിൽ പഠിപ്പിക്കുന്നതായും തൊട്ടടുത്തദിവസത്തെ പത്രങ്ങളിൽ വാർത്തവന്നു. നാന്നൂറോളം കുട്ടികൾ പഠിക്കുന്ന ഈ സ്കൂളിൽ 50 ശതമാനത്തിലധികം പട്ടികജാതിവിഭാഗത്തിൽപെട്ട കുട്ടികളാണ്. അൻപതോളം വരുന്ന ഗിരിവർഗ്ഗകുട്ടികളെ അവിടത്തെ പ്രീ മെട്രിക് ഹോസ്റ്റലിൽ താമസിപ്പിച്ച് ഈ സ്കൂളിലാണ് പഠിപ്പിക്കുന്നത്. ഈ സംസ്ഥാനത്ത് ഏറ്റവും കുറച്ച് കുട്ടികൾ എസ്.എസ്.എൽ.സി. പരീക്ഷ ജയിച്ച സ്കൂൾ എന്നുള്ള ദുഷ്പേരുകൂടി കഴിഞ്ഞവർഷം ഈ സ്കൂളിന് ലഭിക്കുകയുണ്ടായി. ഇതിന്റെ പ്രധാനകാരണം അദ്ധ്യാപകരുടെ കുറവാണ്. അദ്ധ്യാപകരെ നിയമിക്കുന്നതിൽ കുറവു വരുന്നു. കൊല്ലം ജില്ലയിലെ താൽക്കാലിക അദ്ധ്യാപകരെ പിരിച്ചുവിടാനുള്ള ഉത്തരവ്

LIBRARY ARCHIVES Kerala Legislative Assembly

നിലനിൽക്കെതന്നെ പി.എസ്.സി. ഹാൻഡ്സ് വരുന്നതുവരെ താൽക്കാലിക അദ്ധ്യാപകരെ തുടരാൻ അനുവദിച്ചിരുന്നു. ഈ സ്കൂളിൽ മാത്രം താൽക്കാലിക അദ്ധ്യാപകരെ ധൃതിപിടിച്ച് പിരിച്ചുവിടുകയും സ്കൂൾ പൂട്ടി ഒരു നാടകം മാദ്ധ്യമങ്ങളുടെ മുമ്പിൽ അരങ്ങേറുകയും അതിനുശേഷം പകരം അദ്ധ്യാപകരെ നിയമിക്കുന്നത് വരെ പിരിച്ചുവിട്ടവരെത്തന്നെ തുടരാൻ അനുവദിച്ചുകൊണ്ടുള്ള മന്ത്രിയുടെ ഓഫീസിൽ നിന്നുമൊക്കെയുള്ള ഉത്തരവുകൾ കൈമാറേണ്ട സ്കൂളിലെ അധികൃതരും, ഹെഡ്മാസ്റ്ററടക്കമുള്ള ആളുകൾ അതിൽ അലംഭാവം കാണിക്കുകയും ചെയ്തു. എം.എൽ.എ. എന്നനിലയിൽ ഞാൻ നേരിട്ട് ബന്ധപ്പെട്ടു. മന്ത്രിയുടെ ഉത്തരവും പകരം അദ്ധ്യാപകരെ നിയമിക്കുന്നതിനു മുൻപ്, താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടരുതെന്ന കാര്യം അറിയിച്ചിട്ടും അതിന് യാതൊരു നടപടിയും ഉണ്ടായില്ല. അതുകൊണ്ട് എല്ലാ വിഷയങ്ങൾക്കും അടിയന്തിരമായി അദ്ധ്യാപകരെ നിയമിക്കാനുള്ള നടപടിയുണ്ടാകണം. ഈ സ്കൂളിൽ മാത്രം താൽക്കാലിക അദ്ധ്യാപകരെ ധൃതിപിടിച്ച് പിരിച്ചുവിടുകയും സ്കൂൾ അടച്ചു പൂട്ടുകയും ചെയ്തതിൽ നിക്ഷിപ്ത താൽപ്പര്യവുമുണ്ടോ എന്ന് അന്വേഷിക്കുകയും ചെയ്യുന്നതിന് അടിയന്തിരനടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ കൊല്ലം ജില്ലയിൽ അച്ചൻകോവിൽ ഹയർ സെക്കന്ററി സ്കൂളിൽ അദ്ധ്യാപകരില്ല എന്ന കാരണം പറഞ്ഞ് പി.ടി.എ. സ്കൂൾ പൂട്ടി താക്കോൽ ഡി.ഡി.ഓഫീസിൽ എത്തിച്ച വിവരം ശ്രദ്ധയിൽപ്പെട്ടു. ഇത് വളരെ ഗൗരവമുള്ള കാര്യമാണ്. ഗവൺമെന്റ് 19-6-2003-ലെ ഉത്തരവനുസരിച്ച് ദിവസക്കൂലി അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കാനും പ്രൊട്ടക്റ്റഡ് ടീച്ചേഴ്സ് അതല്ലെങ്കിൽ പി.എസ്.സി.യിൽ നിന്നോ എംപ്ലോയ്മെന്റിൽനിന്നോ പുനർ നിയമനം നടത്തുന്നതുവരെ ഈ താൽക്കാലിക അദ്ധ്യാപകരെ കൺടിന്യൂ ചെയ്യാനുമാണ് നിർദ്ദേശം കൊടുത്തിരുന്നത്. അതിനു വിരുദ്ധമായി കൊല്ലം ജില്ലയിൽ പ്രസ്തുത സ്കൂളിൽ ഡി.ഡി.യുടെ നിർദ്ദേശപ്രകാരം അദ്ധ്യാപകരെ മുഴുവൻ പിരിച്ചു വിടുകയും പകരം അദ്ധ്യാപകരെ നിയമിക്കാൻ പറ്റാത്ത അവസ്ഥ ഉണ്ടാക്കുകയും ചെയ്തു. ഏതായാലും പിന്നീട് പി.ടി.എ.യും മറ്റാളുകളും സ്കൂൾ പൂട്ടി താക്കോൽ ഏൽപ്പിക്കലല്ലായിരുന്നു വേണ്ടിയിരുന്നത്. ശ്രദ്ധയിൽപെടുത്തേണ്ടതായിരുന്നു. ഡി.ഡി.യുടെ ഭാഗത്തുനിന്നും പി.ടി.എ., ഹെഡ് മാസ്റ്റർ എന്നിവരുടെ ഭാഗത്തുനിന്നും ഈ കാര്യത്തിൽ കുറ്റകരമായ അനാസ്ഥ പറ്റിയിട്ടുണ്ടെന്ന് ഗവൺമെന്റ് മനസ്സിലാക്കുന്നു. ഗവൺമെന്റ് അന്വേഷണം നടത്തി നടപടിയെടുക്കും. 4-7-2003-ഓടുകൂടി പ്രൊട്ടക്ടഡ് ടീച്ചേഴ്സായി 4 അദ്ധ്യാപകരെക്കൂടി നിയമിച്ചുകൊണ്ട് ഈ സ്കൂളിലെ അദ്ധ്യാപക നിയമനം പൂർത്തീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിൽ ബഹുമാനപ്പെട്ട മെമ്പറുടെ മണ്ഡലത്തിൽത്തന്നെ പത്തനാപുരം മണ്ഡലത്തിൽ മറ്റു

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാലയങ്ങളിൽ എല്ലാ ഒഴിവുകളിലേക്കും ഇതിനകം നിയമനം നടത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുകയാണ്.

(5) ചെത്ത് മദ്യവ്യവസായത്തിലെ തൊഴിലില്ലായ്മ

ശ്രീ. ടി. കെ. ദേവകുമാർ : സർ, എന്റെ നിയോജകമണ്ഡലത്തിലെ മാത്രം പ്രശ്നമായിട്ട് അവതരിപ്പിക്കുകയാണെങ്കിലും കേരളത്തിലാകെയുള്ള ഗൗരവമുള്ള ഒരു വിഷയമാണ്. ഒരു മിനിട്ടുകൂടി അനുവദിക്കണം. കള്ള് ഷാപ്പുകൾ ആകെ അടച്ചുപൂട്ടുകയാണ്. കള്ള് ഷാപ്പുകളിൽ പണിയെടുത്തു ജീവിക്കുന്ന ഒരു വലിയ ജനസമൂഹം കേരളത്തിൽ ഉണ്ടെന്ന സത്യം എക്സൈസ് ഡിപ്പാർട്ടുമെന്റ് അംഗീകരിക്കണം. ഇവിടെ ബാർ നടത്തി വിദേശമദ്യം മാത്രം മതിയെന്ന രൂപത്തിലേയ്ക്ക് കാര്യങ്ങൾ എത്തുകയാണ്. എന്റെ മണ്ഡലത്തിലെ 31 ഷാപ്പുകളും അടഞ്ഞുകിടക്കുകയാണ്. അവിടെ 450-ഓളം കുടുംബങ്ങളിലുള്ളവർ കെട്ടുതാലി പണയംവച്ചും കിടപ്പാടം ഈടുവച്ചുമാണ് ഓരോ ഷാപ്പും ലൈസൻസ് എടുത്ത് നടത്തുന്നത്. അവരൊന്നും മുതലാളിമാരല്ല. റാന്നി, കോന്നി, കരുനാഗപ്പള്ളി, ചെങ്ങന്നൂർ, തിരുവല്ല തുടങ്ങിയ റേഞ്ചുകളിൽ ഷാപ്പുകൾ അടഞ്ഞുകിടക്കുകയാണ്. ഒരു ഉന്നതതല കോൺഫറൻസ് വിളിച്ചുകൂട്ടണം. കള്ള് ചെത്തി വിറ്റു ജീവിക്കുന്ന ജനസമൂഹം ഇവിടെ ഉണ്ട്. അവരും കൂടി വിദേശമദ്യം വിൽക്കുന്നവരെപ്പോലെ ജീവിക്കുവാൻ നടപടി സ്വീകരിക്കണം. അടഞ്ഞുകിടക്കുന്ന മുഴുവൻ ഷാപ്പുകളും തുറക്കുവാൻ സംസ്ഥാന തലത്തിൽ കോൺഫറൻസ് വിളിച്ച് ഷാപ്പുകൾ അടിയന്തിരമായി തുറന്നു പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ ബാറുകളുടെ മുന്നിൽ തൊഴിലാളികളും ലൈസൻസികളും ചേർന്ന് ബാറുകൾ തുറപ്പിക്കാത്ത സ്ഥിതി ഉണ്ടാകുമെന്ന് പറയാതിരിക്കുവാൻ കഴിയില്ല.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ടി. കെ. ദേവകുമാർ സൂചിപ്പിച്ച കാര്യങ്ങൾ വളരെ ഗൗരവത്തോടുകൂടി തന്നെ വീക്ഷിക്കുകയാണ്. കാർത്തികപള്ളി റേഞ്ചിലെ ഷാപ്പുകൾ പൂട്ടേണ്ടിവന്നത് ബഹുമാനപ്പെട്ട മെമ്പർക്ക് തന്നെ അറിയാം. കള്ള് ഷാപ്പിൽ ചാരായം വിൽക്കരുതെന്ന് കർശനമായിതന്നെ പറഞ്ഞിട്ടുണ്ട്. നമ്മൾ എല്ലാപേരും അംഗീകരിച്ചതാണ്. ഇത് വളരെ പരസ്യമായി പറഞ്ഞിട്ടുണ്ട്. കള്ള് ഷാപ്പുകളിൽ കള്ളേള വിൽക്കാവൂ ചാരായം വിൽക്കരുതെന്ന്. ഈ പ്രദേശത്തുള്ള പലരും കള്ള് ഷാപ്പിൽ ചാരായം വിൽക്കുന്നുവെന്ന് എഴുതി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ റെയ്ഡ് നടത്തി. ചാരായം ചേർത്തു വിൽക്കുന്നുണ്ട്, മറ്റു പലതുമുണ്ടെന്ന് റെയ്ഡ് നടത്തി പരിശോധിച്ചപ്പോൾ മനസ്സിലായി. അങ്ങനെ കള്ള് ഷാപ്പ് അടയ്ക്കേണ്ടിവന്നു. പലരുടെയും ലൈസൻസ് ക്യാൻസലാക്കി. ഈ ലൈസൻസ് ക്യാൻസലാക്കിയപ്പോൾ മറ്റ് കള്ള് ഷാപ്പുകാരും അവരോട് അനുകൂലമായി കള്ള് ഷാപ്പ് പൂട്ടി. തൊഴിലാളികൾക്ക് ബുദ്ധിമുട്ടുണ്ടായി. ഇങ്ങനെ തുടർന്നാൽ അത് ഗവൺമെന്റ് ഡിപ്പാർട്ടുമെന്റ് ഏറ്റെടുത്ത് നടത്തുകയോ അല്ലെങ്കിൽ തൊഴിലാളികൾക്ക് കൊടുത്തോ അവർക്ക് ജോലി കിട്ടുന്നതിന് സൗകര്യം ഉണ്ടാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly